**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3957** **27-10-2021 - ൽ മറുപടിയ്ക്ക്**

**കുട്ടികളുടെ രോഗപ്രതിരോധ ശേഷി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. പി. എ. മജീദ്** | | **Smt Veena George**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | കേന്ദ്ര ആയുഷ് മന്ത്രാലയത്തിന്റെയും കോട്ടക്കൽ വൈദ്യരത്നം പി.എസ്. വാര്യർ ആയുർവേദ കോളേജിന്റെയും സംയുക്താഭിമുഖ്യത്തിൽ കുട്ടികളുടെ രോഗപ്രതിരോധ ശക്തി വർദ്ധനക്ക് വേണ്ടിയുളള പബ്ലിക് ഹെൽത്ത് ഇനിഷ്യേറ്റീവ് പദ്ധതി കേരളത്തിലെ ഏതെല്ലാം ബ്ലോക്ക് പഞ്ചായത്തുകളിൽ നടക്കുന്നുണ്ടെന്ന് അറിയിക്കുമോ; | (എ) | കേന്ദ്ര ആയുഷ് മന്ത്രാലയത്തിന്റെയും കോട്ടക്കൽ വൈദ്യരത്നം പി.എസ് വാര്യർ ആയുർവേദ കോളേജിന്റെയും സംയുക്താഭിമുഖ്യത്തിൽ കുട്ടികളുടെ രോഗ പ്രതിരോധശക്തി വർധനയ്ക്ക് വേണ്ടിയുള്ള പബ്ലിക് ഹെൽത്ത് ഇനിഷ്യേറ്റീവ് പദ്ധതി കേരളത്തിൽ മലപ്പുറം ജില്ലയിൽ വേങ്ങര ബ്ലോക്ക് പഞ്ചായത്തിന് കീഴിൽ നടപ്പാക്കി വരുന്നുണ്ട്. |
| (ബി) | കുട്ടികളിലെ പ്രതിരോധ ശേഷി വർദ്ധിപ്പിക്കുന്നതിൽ ഈ പദ്ധതി ഫലപ്രദമായിട്ടുണ്ടോയെന്ന് പരിശോധിക്കുമോ; വിശദമാക്കുമോ? | (ബി) | 3 വയസിനും 10 വയസിനും ഇടയിലുള്ള കുട്ടികളുടെ രോഗപ്രതിരോധശേഷി വർധിപ്പിക്കുന്നതിന് ലക്ഷ്യം വച്ചാണ് ഈ പദ്ധതി നടപ്പാക്കിയിട്ടുള്ളത്. ഈ പദ്ധതിയുടെ ഭാഗമായി 5463 കുട്ടികളിൽ നടത്തിയ പരിശോധനയിൽ നിന്നും തുടർച്ചയായി പനി, ചുമ, ജലദോഷം, കഫക്കെട്ട് എന്നീ രോഗലക്ഷണങ്ങൾ ഉള്ള 385 കുട്ടികളെ കണ്ടെത്തി 6 മാസം മരുന്നും കുട്ടികളുടെ ജീവിതശൈലിയിൽ മാറ്റം വരുത്തുന്നതിന് രക്ഷിതാക്കൾക്ക് ബോധവൽക്കരണവും നടത്തി വരുന്നു. പദ്ധതിയുടെ ഭാഗമായി ചികിത്സയ്ക്ക് വിധേയമായിട്ടുള്ള കുട്ടികളിൽ രോഗപ്രതിരോധശേഷി വർധിച്ചതായി ചികിത്സാപരമായി തെളിഞ്ഞിട്ടുള്ളതാണ്. ചികിത്സയ്ക്ക് വിധേയമായിട്ടുള്ള കുട്ടികൾക്ക് ആർക്കും തന്നെ പിന്നീട് തുടർച്ചയായി രോഗലക്ഷണങ്ങൾ കണ്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ